**കണ്ണൂർ സർവ്വകലാശാല**

EG I

---

**നമ്പർ. EGI.2/12209/2020** **കെ. യു. എച്ച്. ക്യാ.തീയതി: 23.09.2020**

**സർക്കുലർ**

വിഷയം:- നാലാം സെമസ്റ്റർ ബിരുദ പരീക്ഷ ഏപ്രിൽ 2020 നടത്തിപ്പും കോവിഡ് കാലത്തെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് കോളേജുകളിൽ പരീക്ഷാ എകോപന സമിതി രൂപീകരിക്കുന്നതും - സംബന്ധിച്ച്

സൂചന :- (1) 18.09.2020 ലെ പരീക്ഷാ മോണിറ്ററിംഗ് കമ്മിറ്റി യോഗ നടപടിക്കുറിപ്പ്
(2) 12.06.2020, 23.06.2020 തീയതികളിലെ ഇതേ നംബറിലുള്ള സർക്കുലറുകൾ

നടത്താൻ ബാക്കിയുള്ള നാലാസെമെസ്റ്റർ ബിരുദ (റഗുലർ /സപ്പ്ളിമെന്ററി /ഇമ്പ്രൂവ്മെന്റ് ) പരീക്ഷകൾ 2020 സെപ്റ്റംബർ 29 ന് ആരംഭിക്കുന്നതാണ് .

കോവിഡ് കാലത്തെ എല്ലാ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിച്ച അംഗങ്ങൾ അടങ്ങിയ ഒരു പരീക്ഷാ ഏകോപന സമിതി (Examination Coordination Committee)എല്ലാ പരീക്ഷകളുടെയും സുഗമമായ നടത്തിപ്പിനായ്, സർക്കാരും സർവകലാശാലയും പുറപ്പെടുവിച്ച കോവിഡ് മാനദണ്ഡങ്ങൾ ഏകോപിപ്പിച്ചു നടപ്പിലാകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും, വിദ്യാർത്ഥികൾക്ക് പരീക്ഷക്ക് ഹാജരാകുന്നതിനാവശ്യമായ സാധ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനവും വകുപ്പും ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേക്കും , എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും രൂപീകരിക്കണമെന്ന സൂചന (1) ലെ യോഗതീരുമാനം നടപ്പിലാക്കാൻ ബഹു. വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു:

1. പ്രിൻസിപ്പാൾ
2. എല്ലാ വിദ്യാർഥി സംഘടനകളുടെ ഒന്നുവീതം പ്രതിനിധികൾ
3. എല്ലാ അധ്യാപക സംഘടനകളുടെ ഒന്ന് വീതം പ്രതിനിധികൾ
4. പി. റ്റി. എ. പ്രസിഡെന്റ്/വൈസ് പ്രസിഡെന്റ്/സെക്രട്ടറി
5. കോളേജ് സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ
6. ആരോഗ്യവകുപ്പ് പ്രതിനിധി
7. ആശാ വർക്കർ
8. കോളേജിന്റെ ചുമതലയുള്ള സർവകലാശാല നിയോഗിക്കുന്ന സെനറ്റ് / സിൻഡിക്കേറ്റ് അംഗം

പരീക്ഷാ ഏകോപന സമിതി രൂപീകരിച്ച്, അംഗങ്ങളുടെ പേര് വിവരസഹിതം ce@kannuruniv.ac.in എന്ന ഈമെയിൽ വിലാസത്തിൽ ഉടൻ അറിയിക്കേണ്ടതാണ്.

*ഒപ്പ്/-*
Dr. Vincent P J
പരീക്ഷാ കൺട്രോളർ

സ്വീകർത്താവ്:

അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൾമാർ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ